CITY OF SALISBURY

# New Resident Handbook

## സാലിസ്ബറിയിലേയ്ക്ക് സ്വാഗതം!

## MALAYALAM

CITY OF
Salisbury

# എമർജൻസി–കൗൺസിൽ കോണ്ടാക്ട് ഇൻഫർമേഷൻ

## എമർജൻസി കോണ്ടാക്ട്സ്

| | |
|---|---|
| **എമർജൻസി – ആമ്പുലൻസ്, പോലീസ്, ഫയർ** | 000 |
| **പോലീസ് വകുപ്പ് (എമർജൻസി അല്ലാത്തത്)** | 13 14 44 |
| **ക്രൈസിസ് കെയർ ഹെൽപ് ലൈൻ**<br>സഹായം ആവശ്യമുള്ളവർക്കു ആവശ്യമായ വിവരങ്ങളും കൗൺസലിങ്ങും നൽകുന്ന സൗജന്യ ടെലഫോൺ സർവ്വീസ്. | 13 16 11 |
| **ലൈഫ്ലൈൻ**<br>സഹായം ആവശ്യമുള്ളവർക്കു ആവശ്യമായ വിവരങ്ങളും കൗൺസലിങ്ങും നൽകുന്ന സൗജന്യ ടെലഫോൺ സർവ്വീസ്. | 13 11 14 |
| **ഇലക്ട്രിസിറ്റി എമർജൻസി** (24 മണിക്കൂർ) | 13 13 66 |
| **ഗ്യാസ് എമർജൻസി** (24മണിക്കൂർ) | 1800 808 526 |
| **പോയിസൻ ഇൻഫർമേഷൻ സർവ്വീസ്** | 13 11 26 |
| **വെള്ളം / ഡ്രെയിനേജ് എമർജൻസി (24മണിക്കൂർ)** | 1300 883 121 |
| **എസ് എ ഡെൻറൽ സർവ്വീസ്** (ഓഫീസ് സമയത്തിനു ശേഷം എമർജൻസി) | 8232 1034 |
| **ഹെൽത്ത് ഡയരക്ട് ആസ്ട്രേലിയ**<br>അസുഖം തോന്നുമ്പോൾ എന്തു ചെയ്യണമെന്നു നിശ്ചയമില്ലാത്തവർക്ക് സൗജന്യ ഉപദേശത്തിന്. | 1800 022 222 |

## കൗൺസിൽ കോണ്ടാക്ട്സ്

നിങ്ങൾക്ക് അനായാസമായി ഞങ്ങളെ ബന്ധപ്പെടുവാൻ സാധിക്കണം. ഞങ്ങളുടെ ഓഫീസ് സമയം **8.30 മുതൽ 5.00 വരെ. തിങ്കൾ – വെള്ളി** , പൊതു അവധി ദിവസങ്ങൾ ഒഴികെ.

| | |
|---|---|
| കസ്റ്റമർ സെൻറർ | 8406 8222 |
| TTY (കേഴ്‌വി ശക്തി നഷ്ടപ്പെട്ടവർക്ക്) | 8406 8596 |
| ഓഫീസ് സമയത്തിനു ശേഷമുള്ള കൗൺസിൽ സേവനങ്ങൾക്ക് | 8406 8222 |

Web: www.salisbury.sa.gov.au

Email: city@salisbury.sa.gov.au

## സാലിസ്ബറിയിലേയ്ക്ക് സ്വാഗതം!

**പുതിയ താമസക്കാരായി ഇവിടെ എത്തിയിരിക്കുന്ന നിങ്ങളെ സ്വാഗതം ചെയ്യുന്നതിൽ വളരെ സന്തോഷമുണ്ട്. അഡിലെയ്ഡിൽ നിന്നു 25km വടക്കു ഭാഗത്താണ് സാലിസ്ബറി സ്ഥിതി ചെയ്യുന്നത് . സെയിൻറ് വിൻസെൻറ് ഗൾഫിൻെറ തീരം മുതൽ പാരാ മലഞ്ചെരിവുകൾ വരെ, മൗണ്ട് ലോഫ്റ്റി താഴ്വരയിൽ വിശാലമായി 161 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണത്തിൽ . 32 നഗരങ്ങളാൽ സംയോജിപ്പിക്കപ്പെട്ട ഈ സിറ്റിയിൽ ഏകദേശം 130,000 പേർ താമസമുണ്ട് .**

ഡിഫൻസ്, ഇലക്ട്രോണിക്സ്,ടെക്നോളജി വിഭാഗത്തിലുള്ള വ്യവസായങ്ങളിലും, മാനുഫാക്ചറിങ്, ഡിസ്ട്രിബ്യൂഷൻ, വെയർ ഹൗസിങ്ങ് മേഖലയിലും മുൻപന്തിയിൽ നിൽക്കുന്നതു കാരണം ദേശീയ തലത്തിൽ നമ്മുടെ സിറ്റിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. സ്ഥലവാസികൾക്കും അതിഥികൾക്കും, നിരീക്ഷിക്കുവാനും ആസ്വദിക്കുവാനുമായി ധാരാളം കളിസ്ഥലങ്ങളും, ഉദ്യാനങ്ങളും, കായൽപ്പാടങ്ങളും ഉണ്ട്. ലക്ഷ്യത്തോടു കൂടി നിർമ്മിച്ച 50 നു മേൽ റിക്രിയേഷൻ സെൻററുകൾ, ക്ലബ്ബുകൾ, ഷോപ്പിങ്ങ് സെൻററുകൾ, കമ്മ്യൂണിറ്റി സെൻററുകൾ, ലൈബ്രറികൾ, ഒരു സിനിമ കോംപ്ലെക്സ്, കൂടാതെ വിവിധ തരം റെസ്റ്റാറൻറുകളും, ഹോട്ടലുകളും സിറ്റിയുടെ പല ഭാഗത്തായി ഉണ്ട്.

വിഭിന്നമായ സമൂഹങ്ങളിലുള്ളവർക്ക് വേണ്ടി, കൗൺസിൽ പല തരം സേവനങ്ങളും പരിപാടികളും നടത്താറുണ്ട്. അതിൽ പ്രായമായ വ്യക്തികൾക്കു വേണ്ടിയുള്ള സംസ്കാരിക പരിപാടികളും, ഭാഷ, സാക്ഷരതാ ക്ലാസ്സുകളും, സന്നാദ്ധസേവനം ചെയ്യുവാനുള്ള അവസരവും എടുത്തു പറയാവുന്നവയാണ്. കൂടാതെ സാലിസ്ബറി ലൈബ്രറിയിൽ അറബിക്, ചൈനീസ്, ഇറ്റാലിയൻ, ഡച്ച്, ഖ്മെർ, ജർമൻ, പോളിഷ്, ഗ്രീക്, സ്പാനിഷ്, ഹിന്ദി, വിയറ്റ്നാമീസ്, എന്നീ ഭാഷകളിൽ പല സാമഗ്രികൾ ലഭ്യമാണ്.

## കമ്മ്യൂണിറ്റി സെൻററുകൾ

**ഇവിടുത്തെ കമ്മ്യൂണിറ്റി സെൻററുകൾ വിവിധ തരത്തിലുള്ള ആകർഷകമായ കാര്യങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ളതാണ്. വ്യത്യസ്തമായ പ്രോഗ്രാമുകളാണ് എല്ലാ സെൻററുകളിലും നടത്തുന്നത്. സീസൺ അനുസരിച്ചു മാറ്റുകയും ചെയ്യും, എങ്കിലും താഴെ പറയുന്ന കാര്യങ്ങളൊക്കെ ഉണ്ടാകുന്നതാണ്.:**

- കംപ്യൂട്ടിങ്ങ്, ടെക്നോളജി ക്ലാസ്സുകൾ
- റെസ്യൂമെ എഴുതുവാനും, ജോലി അന്വേഷിക്കുവാനുമുള്ള സഹായം
- ഭാഷ, സാക്ഷരത ക്ലാസ്സുകൾ
- പാചക ക്ലാസ്സുകൾ
- ഫിറ്റ്നെസ്സ് പ്രോഗ്രാമുകൾ
- പ്ലേ ഗ്രൂപ്പുകൾ
- കരകൗശല, വിശ്രമവേള പ്രവർത്തികൾ
- ഫാമിലി സപ്പോർട്ട് ഗ്രൂപ്പ്
- ഹെൽത്ത് ഇൻഫർമേഷൻ സെഷൻസ്

## കമ്മ്യൂണിറ്റി സെൻറർ വിലാസം.

| കമ്മ്യൂണിറ്റി സെൻറർ | ടെലിഫോൺ | വിലാസം. |
|---|---|---|
| ബാഗ്സ്റ്റർ റോഡ് കമ്മ്യൂണിറ്റി സെൻറർ | 8250 4167 | 17 Bagster Road, Salisbury North |
| ബർട്ടൺ കമ്മ്യൂണിറ്റി സെൻറർ | 8280 8843 | 386 Waterloo Corner Road, Burton |
| മോറെല്ല കമ്മ്യൂണിറ്റി സെൻറർ | 8250 7786 | 90 Kings Road, Parafield Gardens |
| ദെ പാഡോക്ക്സ് സെൻറർ | 8258 8099 | Cnr Bridge and Kesters Roads, Para Hills West |
| പൂരാക്കാ ഫാം കമ്മ്യൂണിറ്റി സെൻറർ | 8262 5544 | 126 Henderson Avenue, Pooraka |
| സാലിസ്ബറി ഈസ്റ്റ് നെയിബർഹുഡ് സെൻറർ | 8285 2055 | 28 Smith Road, Salisbury |
| ദെ മോസൺ സെൻറർ | 8302 5449 | 2-8 Main Street, Mawson Lakes |
| ട്വൽവ്25 സാലിസ്ബറി യൂത്ത് എൻറർപ്രൈസ് സെൻറർ (12-25 വയസ്സ്) | 8253 9928 | 17-19 Wiltshire Street, Salisbury SA 5108 |
| ജാക്ക് യൂത്ത് സെൻറർ (50 വയസ്സിനു മേൽ) | 8406 8525 | 1 Orange Avenue, Salisbury SA 5108 |
| പാരാ ഹിൽസ് സെൻറർ (50 വയസ്സിനു മേൽ) | 8395 1520 | Wilkinson Road, Para Hills SA 5096 |

## ലൈബ്രറി സേവനങ്ങൾ.

സാലിസ്ബറി ലൈബ്രറി നാനാദേശക്കാരേയും പ്രായക്കാരേയും കണ്ടുമുട്ടുവാനും, വായിക്കുവാനും, പഠിക്കുവാനും, വിവരങ്ങൾ ശേഖരിക്കുവാനും ഉതകുന്ന വളരെ നല്ല സ്ഥലമാണ്. സ്ഥലവാസികൾക്ക് പുസ്തകങ്ങൾ, മ്യൂസിക് സി ഡി, ഡി വി ഡി, കളിപ്പാട്ടങ്ങൾ, ഗെയിംസ് എന്നിവ വായ്പയായി (borrow) വാങ്ങാം. സൗജന്യമായി ഇൻറർനെറ്റ്, പ്രിൻറർ, സ്കാനർ എന്നിവ ലഭ്യമാണ്. കൂടാതെ ലൈബ്രറി സംഘടിപ്പിക്കുന്ന സ്കൂൾ ഹോളിഡേ പ്രോഗ്രാം, സ്റ്റോറി ടൈം, ബുക്ക് ക്ലബ്ബ് എന്നിവയിൽ പങ്കു ചേരാം.

അംഗത്വം സൗജന്യമാണ്, കൂടാതെ അംഗത്വ കാർഡ് ഉപയോഗിച്ചു സംസ്ഥാനത്തുള്ള ഏതു ലൈബ്രറിയിൽ നിന്നും ലഭ്യമായ സാമഗ്രികൾ ബോറോ ചെയ്യാം. വാഹന സൗകര്യം ഇല്ലാത്തവർക്കും, ചലന ശേഷിക്ക് പരിമിതികൾ ഉള്ളവർക്കും സൗജന്യമായ ഹോം ലൈബ്രറി സേവനം വഴി സാമഗ്രികൾ താമസ സ്ഥലത്ത് എത്തിച്ചു കൊടുക്കുന്നതാണ്.വിശദവിവരങ്ങൾക്ക് വിളിക്കേണ്ട നമ്പർ 8406 8341.

സാലിസ്ബറി ലൈബ്രറിയിൽ സൗജന്യമായി Justice of the peace സേവനം ലഭ്യമാണ്. ഔദ്യോഗിക രേഖകളും, സർട്ടിഫിക്കറ്റുകളും സാക്ഷ്യപ്പെടുത്തുവാനും അറ്റെസ്റ്റ് അംഗീകാരമുള്ള വ്യക്തിയാണ് Justice of the peace. അപ്പോയിൻറ്മെൻറ് ആവശ്യമില്ല. ഏതു സമയത്ത്, എവിടെ കാണാം എന്നറിയുവാൻ വേണ്ടി വിളിക്കേണ്ട നമ്പർ 8406 8319.

ഞങ്ങളുടെ website ൽ ലൈബ്രറിയിൽ ലഭ്യമാകുന്ന സേവനങ്ങളെ പറ്റിയുള്ള വിവരങ്ങൾ ധാരാളം ഉണ്ട്. സിറ്റിയിൽ നടക്കുന്നതും നടക്കാനിരിക്കുന്നതുമായ പരിപാടികൾ, കാര്യങ്ങൾ എന്നിവയുടെ വിവരങ്ങൾ, ഓൺ ലൈൻ കാറ്റലോഗ് സെർച്ച് , കൂടാതെ മറ്റു പല കാര്യങ്ങളും ലഭ്യമാണ്.

ലൈബ്രറി വിലാസവും പ്രവർത്തന സമയവും.

| ബ്രാഞ്ച് | പ്രവർത്തന സമയം | ടെലിഫോൺ | വിലാസം. |
|---|---|---|---|
| ലെൻ ബീഡെൽ ലൈബ്രറി | Mon-Wed & Fri 9:30am-5:30pm, Thurs 9:30am-8:00pm, Sat 9:30am-3:30pm, Sun 1:30pm-4:30pm | 8406 8283 | 55 John Street, Salisbury |
| മോസൺ ലെയിക്ക്സ് ലൈബ്രറി | Mon &Wed 9:30am-5:00pm, Tues &Thurs 9:30am-7:00pm, Fri 9:30am-5:00pm, Sat 10am -4pm, Sun 2pm-5pm | 8302 5555 | 2-8 Main Street, Mawson Lakes |
| പാരാഹിൽസ് ലൈബ്രറി | Mon-Wed & Fri 9:30am-5:30pm, Thurs 9:30am-7:00pm, Sat 10am-1pm, Sun Closed | 8264 2512 | Wilkinson Road, Para Hills |
| സാലിസ്ബറി വെസ്റ്റ് ലൈബ്രറി | Mon-Wed & Fri 9:30am-5:30pm, Thurs 9:30am-8:00pm, Sat 9:30am-12:30pm, Sun Closed | 8258 2788 | Hollywood Boulevard, Salisbury Downs |
| ഇൻഗിൾ ഫാം ലൈബ്രറി | Mon-Wed & Fri 9:30am-5:30pm, Thurs 9:30am-8:00pm, Sat 9:30am-3:30pm, Sun 1:30pm-4:30pm | 8265 4717 | Beovich Road, Ingle Farm |

## സ്പോർട്ടിങ്ങ് സൗകര്യങ്ങൾ.

**കായികാഭ്യാസത്തിനും കളികൾക്കും സാലിസ്ബറിയിലെ നിത്യജീവിതത്തിൽ വളരെയധികം മുഖ്യത്വം നൽകപ്പെടുന്നു. ഇവിടെയുള്ള റിക്രിയേഷൻ സെൻററുകൾ ആഴ്ചയിൽ 7 ദിവസവും തുറന്നു പ്രവർതിക്കുന്നു. ഇതിൽ പങ്കെടുക്കുന്നവർക്കു വിനോദവും, തമാശയും നൽകുന്നതോടൊപ്പം, പുതിയ കാര്യങ്ങൾ മനസ്സിലാക്കാവുന്ന വിധത്തിലാണ് എല്ലാം ആസൂത്രണം ചെയ്തിരിക്കുന്നത്.**
ബാസ്കറ്റ് ബോൾ, നെറ്റ് ബോൾ, ബൗൾസ്, ഫുട്സൽ(സോക്കർ), ഇൻഡോർ ക്രിക്കറ്റ്, സ്കാഷും റാക്കറ്റ് ബോളും, ബാഡ്മിൻറൻ, ജിമ്നാസ്റ്റിക്സ്, മാർഷ്യൽ ആർട്സ്, റോളർ സ്കെയ്റ്റിങ്ങ്, കിൻഡിജിം, ടേബിൾ ടെന്നിസ്, വോളീബോൾ, സ്വിമ്മിങ്ങ്, ടെന്നിസ് എന്നിവയ്ക്കുള്ള സൗകര്യങ്ങൾ ലഭ്യമാണ്.

## റിക്രിയേഷൻ സെൻറർ വിലാസം.

| റിക്രിയേഷൻ സെൻറർ | ടെലിഫോൺ | വിലാസം. |
|---|---|---|
| പാരാഫീൽഡ് ഗാർഡൻസ് റിക്രിയേഷൻ സെൻറർ | 8281 4888 | Cnr Kings & Martins Road, Parafield Gardens |
| ഇംഗിൾ ഫാം റിക്രിയേഷൻ സെൻറർ | 8263 0411 | Corner Beovich Road & Roopena Street, Ingle Farm |
| സാലിസ്ബറി റിക്രിയേഷൻ പ്രസിൻക്ട് | 8258 1713 | Waterloo Corner Road, Salisbury North |

## പാർക്കുകളും റിസർവ്വുകളും

**സാലിസ്ബറി സിറ്റിയിൽ സ്ഥലവാസികൾക്കും അതിഥികൾക്കും, നിരീക്ഷിക്കുവാനും ആസ്വദിക്കുവാനുമായി ധാരാളം കളിസ്ഥലങ്ങളും, ഉദ്യാനങ്ങളും, കായൽപ്പാടങ്ങളും ഉണ്ട്. 130 ഓളം പാർക്കുകളും റിസർവ്വുകളും, 50 കി.മീറ്ററിലധികം കാലടിപ്പാതയും(walking trails) സാലിസ്ബറിയിൽ ഉണ്ട്.**

ലിറ്റിൽ പാരാ ട്രെയിൽ, കൗർണ പാർക്കിലെ വുഡ്ലിപാരി ട്രെയിൽ, ഡ്രൈ ക്രീക് ലീനിയർ പാർക്ക് കൂടാതെ വേറെ പല റിസർവ്വുകളിലും കായൽ പാടങ്ങളിലും കാലടി പാതയും, സൈക്കിൾ പാതയും സ്ഥാപിച്ചിട്ടുണ്ട്. എല്ലാ വലിയ പാർക്കുകളിലും റിസർവ്വുകളിലും കുട്ടികൾക്കു വേണ്ടിയുള്ള സുരക്ഷിതമായ കളിസ്ഥലങ്ങളും, പിക്നിക് സൗകര്യവും, സൗജന്യമായ ങ്ങങ്ങ" സൗകര്യങ്ങളുമുണ്ട്.

എല്ലാ പാർക്കുകളിലും ഡോഗ് ബാഗ് ലഭ്യമാണ്. പൊതു പരിസരത്ത് പട്ടി കാഷ്ടിച്ചാൽ, പട്ടിയുടെ ഉടമ അതു വൃത്തിയാക്കുവാൻ മറക്കരുത്. ഡോഗ് പാർക്ക് അല്ലാതെ വേറെ റിസർവ്വുകളിലും പുൽ മൈതാനങ്ങളിലും വൈകുന്നേരം 6.30നു ശേഷം രാവിലെ 8.00 മണി വരെ പട്ടികളെ സ്വതന്ത്രമായി കളിക്കുവാൻ വിടാവുന്നതാണ്. ഈ ഡോഗ് ഫ്രൻറ്‌ലി പാർക്കുകളുടെ പടം കാണുവാൻ click here ഈ ലിങ്കിൽ ക്ലിക്ക് ചെയ്യുക.

## വലിയ പാർക്കുകൾ

| പാർക്കിൻെറ പേര് | വിലാസം. |
|---|---|
| ഹാരി ബോവ്വീ റിസർവ്വ് | Riverside Drive, Salisbury Park |
| കാരിസ്ബ്രൂക്ക് പാർക്ക് | Main North Road, Salisbury Park |
| പിറ്റ്മാൻ പാർക്ക് | Main entrance of Commercial Road, Salisbury |
| യൂനിറ്റി പാർക്ക്.<br>വീൽ ചെയർ ഉപയോഗിക്കുന്ന കുട്ടികൾക്ക് വേണ്ടിയുള്ള കളിസ്ഥലം | South Terrace, Pooraka |
| വാട്ടർഷെഡ് വെറ്റ്ലാൻറ്സ്. വാട്ടർഷെഡ് കഫെ ആൻറ് ഫൻക്ഷൻ സെൻറർ | Salisbury highway, Mawson Lakes |
| St കിൽഡ് പ്ലേഗ്രൗണ്ട് ആൻറ് മാൻഗ്രോവ് | Mangrove Street, St Kilda |

| | |
|---|---|
| ട്രെയിൽ . റീജിയനൽ അഡ്വെഞ്ചർ പ്ലേഗ്രൗണ്ട് ആൻറ് നെയിചർ വോക്. | |
| പാഡോക്സ് റിസർവ്വ് ആൻറ് വെറ്റ്ലാൻറ്സ് | Corner Bridge and Maxwell Roads, Para Hills |
| കൗർണ പാർക്ക് ഹിസ്റ്റോറിക്കൽ ഇൻഡിജീനസ് വുഡ്ലിപാരി വോക്ക് | Waterloo Corner Road, Burton |

## വെയിസ്റ്റ് കലക്ഷൻ

**സാലിസ്ബറി സിറ്റിയിൽ നിങ്ങളുടെ റബ്ബിഷ് ബിന്നുകൾ സൗജന്യമായി നീക്കം ചെയ്യുന്നതാണ്. നീക്കം ചെയ്യാൻ ശേഖരിക്കുന്നതിനു വേണ്ടി റബ്ബിഷ് വീലീ ബിന്നിൽ ആക്കി വെക്കേണ്ടതാണ്.**

മൂന്ന് തരം ബിൻ ആണ് – വ്യത്യസ്ഥമായ റബ്ബിഷിനു വേണ്ടി ലഭ്യമാക്കുന്നത്.

1. മഞ്ഞ മൂടിയോടു കൂടിയ പച്ച നിറത്തിലുള്ള ബിൻ റിസൈക്ലിങ്ങിനു വേണ്ടിയുള്ള പ്ലാസ്റ്റിക് ബോട്ടിൾ, കാനുകൾ, പേപ്പർ, ഗ്ലാസ്സ് ജാർ, ഗ്ലാസ്സ് ബോട്ടിൾ, കാർട്ടൺ, കാർഡ് ബോഡ് എന്നിവയ്ക്കു വേണ്ടിയുള്ളതാണ്. ഇവയൊക്കെ ശേഖരിച്ച ശേഷം വേർ തിരിച്ച് ക്രഷ് ചെയ്തു മറ്റു സാധനങ്ങൾ ഉണ്ടാക്കുവാൻ ഉപയോഗിക്കുന്നു. ഈ ബിൻ രണ്ട് ആഴ്ചയിൽ ഒരിക്കലാണ് നീക്കം ചെയ്യുന്നത്.
2. ചുവപ്പു മൂടിയുള്ള ചെറിയ പച്ച ബിൻ എല്ലാ വെയിസ്റ്റുകൾക്കും വേണ്ടി ഉള്ളതാണ്. ഇതു എല്ലാ ആഴ്ചയിലും നീക്കം ചെയ്യപ്പെടുന്നു.
3. ചെടി/മര കഷണങ്ങൾ, പുല്ല്, ഇലകൾ എന്നിവ കളയുവാനുള്ള ഗാർഡൻ വെയിസ്റ്റ് ബിൻ കൗൺകിലിൽ നിന്നു വാങ്ങാവുന്നതാണ്. ഈ ബിൻ പച്ച മൂടിയോടു കൂടിയതും, പച്ച നിറത്തിലുള്ളതും വലിയതുമാണ്. ഈ ബിൻ രണ്ട് ആഴ്ചയിൽ ഒരു ഒരു പ്രാവശ്യം ആണ് നീക്കം ചെയ്യുന്നത്. മഞ്ഞ മൂടിയുള്ള റിസൈക്ലിങ്ങ് ബിൻ നീക്കം ചെയ്യുന്നതിൻെറ അടുത്ത ആഴ്ചകളിലാണ് ഈ ബിൻ നീക്കം ചെയ്യുന്നത്. ഈ ബിൻ സൗജന്യമായാണ് നീക്കം ചെയ്യുന്നതെങ്കിലും, കൗൺസിലിൽ പതിവു ചെയ്തിരിക്കണം.

## മുഖ്യ അറിയിപ്പ്.

നിങ്ങളുടെ വീട്ടിന് മുൻപിൽ നടപ്പാതയിൽ, ബിൻ കാലിയാക്കുന്ന ദിവസം രാവിലെ 7.00 മണിക്കു മുൻപായി, മൂടി തുറക്കേണ്ട ഭാഗം റോഡിനഭിമുഖമായി വെക്കേണ്ടതാണ്. ബിന്നുകൾക്കിടയിൽ കുറച്ചു ദൂരം വേണം. മൂടി അടച്ചിരിക്കണം.

## റബ്ബിഷ് സ്പെഷൽ കലക്ഷൻ – ഹാർഡ് വെയിസ്റ്റ്

പഴയതോ, ആവശ്യമില്ലാത്തതോ ആയ ഫർണിച്ചർ, ഉപകരണങ്ങൾ, ഇലക്ട്രോണിക്ക് ഉൽപന്നങ്ങൾ എന്നിവ കളയണമെങ്കിൽ ഹാർഡ് റബ്ബിഷ് കലക്ഷൻ രണ്ടു വിധത്തിൽ ചെയ്യാവുന്നതാണ്.

1. വൗച്ചർ സിസ്റ്റം – സ്ഥലവാസികൾക്ക് കൗൻസിലിൻെറ വെയിസ്റ്റ് ട്രാൻസ്ഫർ സ്റ്റേഷനിൽ സൗജന്യ പ്രവേശനം, അല്ലെങ്കിൽ ഒരു വർഷത്തിൽ ഒരു ട്രെയിലർ ലോഡ്.
2. ചുരുങ്ങിയത് ഒരു മാസത്തിന്നു മുൻപ് $10 ഫീസ് അടച്ച് വീട്ടിൽ നിന്നും ഹാർഡ് വെയിസ്റ്റ് ശേഖരിക്കുവാൻ ഏർപാട് ചെയ്യാം.

സാധാരണ വെയിസ്റ്റ്, റിസൈക്ലിങ്ങ്, ഗാർഡൻ വെയിസ്റ്റ്, കലക്റ്റ് ചെയ്യുന്ന സമയം എന്നിവ അറിയുവാൻ North Adelaide Waste Management Authority(NAWMA)യെ 1800 111 004 (ഫ്രീകാൾ) വിളിക്കുക.

# സാലിസ്ബറിയിലെ ജീവിതരീതികൾ

**ജീവിതം സന്തോഷമുള്ളതും പരിപൂർണ്ണവും ആക്കുവാൻ ഇനിയും പല കാര്യങ്ങളും ഉണ്ട്. അതിനു വേണ്ട മുഖ്യമായ ചില കോൺടാക്ട് ഇൻഫർമേഷൻ താഴെ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ആ വിവരങ്ങൾ നിങ്ങൾക്ക് വേണമെങ്കിൽ ഡൗൺലോഡ് ചെയ്യാവുന്നതാണ്.** community directory.

## സ്കൂളും ചൈൽഡ് കെയറും

സാലിസ്ബറിയിൽ 44 സ്കൂളുകളും(പബ്ലിക്കും, പ്രൈവറ്റും), 30 ചൈൽഡ് കെയർ സെൻററും ഉണ്ട്. ഇതിൽ മതപരമായതും, മതേതരമായതും – ഏതു തരം വിദ്യാഭ്യാസം വേണമെന്ന് നമുക്ക് തെരഞ്ഞെടുക്കാം. വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക. Department of Education and Children's Services. Free call: 1800 088 158 or visit www.decs.sa.gov.au

## പബ്ലിക് ട്രാൻസ്പോർട്ട്

സാലിസ്ബറിയിൽ നിന്നും അഡിലെയ്ഡിലേക്കും മറ്റു പ്രദേശങ്ങളിലേക്കും പോകുവാനായി വാഹന ഗതാഗത സൗകര്യം വളരെ നല്ല തോതിൽ– ബസ്സും ട്രെയിനും ലഭ്യമാണ്. ടൈം ടേബിളിനും മറ്റു വിവരങ്ങൾക്കും ബന്ധപ്പെടുക Adelaide Metro Info Line 8210 1000 or visit www.adelaidemetro.com.au.

## യൂത്ത് പ്രോഗ്രാമുകൾ

സാലിസ്ബറിയിൽ 12_25 വയസ്സുള്ള യുവാക്കളേയും അവരുടെ കുടുംബാംഗങ്ങളേയും സഹായിക്കുവാനായി പല പ്രോഗ്രാമുകളും നിലവിലുണ്ട്. കൗൺസിൽ പരിധിക്കു പുറമെയും പല

യൂത്ത് ഏജൻസികളും സേവനങ്ങളും ലഭ്യമാണ്. വിവരങ്ങൾക്ക് ബന്ധപ്പെടുക Salisbury Community Information Service on 8406 8533.

## പോസിറ്റീവ് ഏജിങ്ങ് സർവ്വീസ്

പോസിറ്റീവ് ഏജിങ്ങ് സർവ്വീസ്, 50 വയസ്സിനു മുകളിൽ പ്രായമുള്ളവർക്കു വേണ്ടി, കമ്മ്യൂണിറ്റി സെൻറർ ലഭ്യമാക്കുന്നുണ്ട്. ഇതു വഴി അവർക്ക് തമ്മിൽ കാണുവാനും, പല പ്രവൃത്തികളിലും പങ്കു ചേരുവാനും, അവർക്കുണ്ടാവുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുവാനും സാധിക്കുന്നു.ബന്ധപ്പെടേണ്ട നമ്പർ- ജാക്ക് യൂത്ത് സെൻറർ, ടെലിഫോൺ 8258 7286, പാരാ ഹിൽസ് സെൻറർ, ടെലിഫോൺ 8395 1520.

## ഹെൽത്ത് സർവ്വീസസ്

വടക്ക് പ്രവിശ്യയിൽ രണ്ട് പബ്ലിക് ആശുപത്രികൾ ഉണ്ട്. ല്യാൽ മക് എവിൻ ഹോസ്പിറ്റൽ, മോഡ്ബറി ഹോസ്പിറ്റൽ. കൂടാതെ അഡിലെയ്ഡിൽ റോയൽ അഡിലെയ്ഡും, വുമൺസ് ആൻറ് ചിൽഡ്രൻസ് ഹോസ്പിറ്റലും ഉണ്ട്. സാലിസ്ബറിയിലെ പ്രൈമറി ഹെൽത്ത് കെയർ സെൻറർ സ്ഥിതി ചെയ്യുന്നത് ഹോളിവുഡ് ബൗൾവാർഡ്, സാലിസ്ബറി ഡൗൺസ്. ടെലി 8281 7644.

## എംപ്ലോയിമെൻറ് ആൻറ് ട്രെയിനിങ്ങ് സർവ്വീസസ്

എംപ്ലോയിമെൻറ് ആൻറ് ട്രെയിനിങ്ങ് സർവ്വീസസ്സിൽ സാലിസ്ബറി നല്ല പ്രാതിനിധ്യം വഹിക്കുന്നുണ്ട്. കൗൺസിൽ തന്നെ ഒരു കമ്മ്യൂണിറ്റി ജോബ് സെർച്ച്, ട്രെയിനിങ്ങ് ആൻറ് വളൻറിയറിങ്ങ് സർവ്വീസ്, ജോൺ സ്ട്രീട്ടിലുള്ള കാരിയർ ആൻറ് വർക്ക്ഫോഴ്സ് ഡവലപ്പ്മെൻറ് സെൻററിൽ നടത്തുന്നുണ്ട്. ടെലിഫോൺ 1800 619 933.

## സിറ്റിസെൻഷിപ്പ്

ആസ്ട്രേലിയൻ സിറ്റിസെൻ ആകുവാൻ വേണ്ട അപ്ലിക്കേഷൻ ഫോറം ഇമ്മിഗ്രേഷൻ ഡിപ്പാർട്ട്മെൻറിൽ നിന്നും ലഭിക്കുന്നതാണ്. ഫോൺ 131880. സിറ്റി ഓഫ് സാലിസ്ബറിയിൽ സിറ്റിസെൻഷിപ്പ് സെറിമണി പല തവണകളായി നടത്താറുണ്ട്. വിവരങ്ങൾക്ക് 8406 8222 എന്ന നമ്പറിൽ ബന്ധപ്പെടുക.

## ദേവാലയങ്ങൾ

സാലിസ്ബറി സാംസ്കാരികമായി വ്യത്യസ്ഥമായതും നാനാ ജാതി മതങ്ങളെ പ്രതിനിധീകരി ക്കുന്നതുമായ ഒരു സ്ഥലമാണ്. വിവരങ്ങൾക്ക് കമ്മ്യൂണിറ്റി ഇൻഫർമേഷൻ ഡയരക്ടറി റെഫർ

ചെയ്യുകയോ, സാലിസ്ബറി കമ്മ്യൂണിറ്റി ഇൻഫർമേഷൻ സർവ്വീസസ്സിനെ 8406 8533 എന്ന നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യുക.

## വളൻറിയറിങ്ങ്

വളൻറിയറിങ്ങ് ചെയ്യുക വഴി, പുതിയ കൂട്ടുകാരെ ഉണ്ടാക്കാം, തദ്ദേശ വാസികളുമായി ബന്ധാം സ്ഥാപിക്കാം, കൂടാതെ പുതിയ കഴിവുകൾ സ്വായത്തമാക്കാം, മനോധൈര്യം കൈവരിക്കാം. അടുക്കള ജോലി മുതൽ വെറ്റ്ലാൻറിലേക്ക് ടൂർ ഗൈഡ് ചെയ്യുന്നതു വരെ ഉൾക്കൊള്ളിച്ചു കൊണ്ട്, സിറ്റി ഓഫ് സാലിസ്ബറി ഒരു വളൻറിയറിങ്ങ് പ്രോഗ്രാം സംഘടിപ്പിക്കുന്നുണ്ട്. വിശദവിവരങ്ങൾക്ക് വളൻറിയർ കോർഡിനേറ്ററെ 8406 8475 ൽ ബന്ധപ്പെടുക.

City of Salisbury
12 James Street
Salisbury SA 5108
T: 8406 8222
F: 8281 5466
www.salisbury.sa.gov.au